# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകുന്നതിന് നടപടി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1482** 11.08.17- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കടുത്തുരുത്തി ഗ്രാമപഞ്ചായത്തിലെ എസ്.എൻ.ഡി.പി. യൂണിയൻ കെട്ടിടത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകണമെന്ന ആവശ്യം സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് (കോട്ടയം) നൽകിയ 21.6.2017 -ലെ RDI/C12017/LSGD നമ്പർ കത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | പ്രസ്തുത വിഷയം സംബന്ധിച്ച് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 07.08.2017-ലെ ബി2-1153-16 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (കോട്ടയം) സ്ഥലപരിശോധന നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഉണ്ട്, ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| (സി) | ഈ വിഷയത്തിൽ എത്രയും വേഗം തീരുമാനമെടുക്കുമോയെന്ന് വ്യക്തമാക്കുമോ; ഇനിയും കാലതാമസം ഉണ്ടാകാതെ ഈ വിഷയത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കുമോ? | (സി) | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ച ശേഷം താമസംവിനാ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

B2-11153/2016

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്
കോട്ടയം. തീയതി. 07.08.2017..
ഫോൺ നമ്പർ .0481-2560282
ഇ.മെയിൽ ddpkottayam@gmail.com.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കോട്ടയം

ബഹു. പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയം ഭരണ വകുപ്പ്
തിരുവനന്തപുരം.

സർ,

വിഷയം. കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത്- എസ്.എൻ.ഡി.പി. യൂണിയൻ കെട്ടിടത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകണമെന്ന ആവശ്യം-സംബന്ധിച്ച്.

സൂചന. 1. അങ്ങയുടെ ഓഫീസിലെ 21.06.2017 എൽ.എസ്.ജി.ഡി ആർ.ഡി1/4/2017 എൽ.എസ്.ജി.ഡി നമ്പർ കത്ത്.

2. ഈ ഓഫീസിലെ 17.10.2016 ലെ ഇതേ നമ്പർ കത്ത്.

************************************

സൂചനകളിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കടുത്തുരുത്തി എസ്. എൻ.ഡി.പി. യൂണിയന്റെ നിലവിലുള്ള ഇരുനില കെട്ടിടത്തിന്റെ മുകളിൽ പുതുതായി ഇരുനിലകളിലായി നിർമ്മിച്ച വാണിജ്യാവശ്യത്തിനുള്ള മുറികൾ ക്രമവൽക്കരിച്ച് നമ്പർ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 220 ബി, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2011 എന്നിവ പ്രകാരമുള്ള ദൂരപരിധി പാലിച്ചിട്ടില്ല എന്നും എന്നാൽ നിലവിലുള്ള രണ്ട് നിലകൾക്കും 498.12 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ളതും ഇതിന് 2/83, 2/84 എന്നിങ്ങനെ നമ്പർ 2011 ൽ അനുവദിച്ചിട്ടുള്ളതുമാണ്. നിലവിൽ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്ന 272.06 ചതുരശ്ര മീറ്റർ വീതം വിസ്തീർണ്ണമുള്ള മൂന്ന് ,നാല് നിലകളിലെ വാണിജ്യാവശ്യത്തിനുള്ള മുറികൾക്ക് നമ്പർ അനുവദിക്കുന്നതിനാണ് കെട്ടിട നിർമ്മാണചട്ടങ്ങളിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. പ്രസ്തുത യൂണിയന്റെ കൈവശമുള്ള 8.9 ആർ ഭൂമിയിൽ നിന്നും 7 സെന്റ് സ്ഥലം സർക്കാർ പൊന്നും വില നടപടികൾ പാലിച്ചുകൊണ്ട് കടുത്തുരുത്തി ബൈപ്പാസ് നിർമ്മാണത്തിന് സർക്കാരിലേയ്ക്ക് ഭൂമി വിട്ട് നൽകിയത് മൂലമാണ് നിയമപ്രകാരമുള്ള ദൂരപരിധി നിലവിൽ ലഭ്യമല്ലാത്തത്. ഇത് സംബന്ധിച്ച് കടുത്തുരുത്തി ബൈപ്പാസിന് എസ്.എൻ.ഡി.പി വക സ്ഥലം ലഭ്യമാക്കുന്നത് ബഹു. പൊതുമരാമത്ത് വകുപ്പ് മുൻ മന്ത്രി ശ്രീ. മോൻസ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ 24.04.2009 ൽ കൂടിയ യോഗത്തിൽ റോഡ് വികസനത്തിന് ഭൂമി വിട്ട് നൽകിയ ശേഷം അവശേഷിക്കുന്ന പരിമിതമായ സ്ഥലത്ത് എസ് .എൻ.ഡി.പി യോഗം നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടസമുച്ചയം പ്രവർത്തിക്കുന്നതിനാവശ്യമായ ഇളവുകൾ സർക്കാർ

-5-

തലത്തിൽ അനുവദിക്കുന്നതിന് ബഹു. സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്.

കട്ടുത്തുരുത്തി ഗ്രാമ പഞ്ചായത്തിന്റെ 25.08.2016 ലെ 6(1) നമ്പർ തീരുമാന പ്രകാരം കെട്ടിടം നിർമ്മാണ ചട്ടങ്ങളിൽ ഇളവനുവദിച്ച് നമ്പർ അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട കേരള സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയും അനുബന്ധങ്ങളും സൂചന (2) പ്രകാരം മുൻപ് ലഭ്യമാക്കിയിരുന്നു.

സ്ഥല പരിശോധന നടത്തിയതിൽ നിന്നും 13.10 മീറ്റർ ഉയരമുള്ള കെട്ടിടത്തിന് നിലവിൽ മുൻവശത്ത് റോഡിൽ നിന്നും 2.35 മീറ്റർ.2.45 മീറ്റർ എന്നിങ്ങനെ അകലം മാത്രമാണ് ലഭ്യമായുള്ളത്പിൻവശത്ത് 3.2 മീറ്ററും വശങ്ങളിൽ യഥാക്രമം 4.5 മീറ്റർ.2.6 മീറ്റർ എന്നിങ്ങനെ ദൂരപരിധി പാലിച്ചിട്ടുണ്ട്. റോഡ് വികസനം എന്ന പൊതുജന ആവശ്യം മുൻനിർത്തി കട്ടുത്തുരുത്തി ബൈപ്പാസിന് ഭൂമി നൽകിയത് മൂലമാണ് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ പ്രകാരം ആവശ്യമായ ദൂരപരിധി പാലിക്കാനാകാത്ത സാഹചര്യം ഉണ്ടായിട്ടുള്ളത്.

ടി വിവരങ്ങൾ അങ്ങയുടെ അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

ബൈ: